നമ്പർ: ICPS-3/008213/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,തിരുവനന്തപുരം
തീയതി: 26.09.2015

# സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS - ''ഓപ്പറേഷൻ വാത്സല്യ'' കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള തീവ്രയത്ന പരിപാടി - സംബന്ധിച്ച്.

കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള 'ഓപ്പറേഷൻ സ്മൈൽ' പദ്ധതിയ്ക്ക് സമാനമായി സംസ്ഥാനത്ത് ''ഓപ്പറേഷൻ വാത്സല്യ'' എന്ന പേരിൽ കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി 2015 ഒക്ടോബർ 2 മുതൽ 31 വരെയുള്ള കാലയളവിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ് :-

1.സംസ്ഥാനത്തെ ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കെയർ സ്ഥാപനങ്ങളിൽ കഴിയുന്ന 1658 ഇതരസംസ്ഥാന കുട്ടികളെ ''ഓപ്പറേഷൻ വാത്സല്യ'' പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ കുട്ടികളുടെ പേരുവിവരം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭ്യമാണ്. അതാത് ജില്ലകളിലെ DCPO മാർ പദ്ധതി കാലയളവിൽ ഓർഫനേജുകളിൽ താമസിയ്ക്കുന്ന പ്രസ്തുത ലിസ്റ്റിൽപ്പെട്ട കുട്ടികളുമായി കൂടിക്കാഴ്ച നടത്തി അവരുടെ ജന്മസ്ഥലം, മാതാപിതാക്കളുടെ പേരുവിവരം മുതലായവ ശേഖരിയ്ക്കേണ്ടതാണ്. ഇപ്രകാരം ശേഖരിയ്ക്കപ്പെടുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ മിസ്സിംഗ് ചൈൽഡ് ആയി കണ്ടെത്തുന്ന കുട്ടികളുടെ വിശദാംശങ്ങൾ മിസ്സിംഗ് ചൈൽഡ് വെബ് പോർട്ടലിൽ അപ്ലോഡ് ചെയ്യണം.

2.കാണാതാകുന്ന കുട്ടികൾ തമ്പടിയ്ക്കാൻ സാധ്യതയുള്ള റയിൽവേ പ്ലാറ്റ്ഫോമുകൾ, ബസ്സ് സ്റ്റാന്റ്, മേൽപാലങ്ങൾ, ഹോട്ടലുകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവയുടെ പരിസരങ്ങൾ, ആരാധനാലയങ്ങൾ, തെരുവോരങ്ങൾ, ധ്യാനകേന്ദ്രങ്ങൾ, നഗര-ഗ്രാമപ്രദേശങ്ങളിൽ കുട്ടികൾ തമ്പടിയ്ക്കാൻ സാധ്യതയുള്ള മറ്റു പ്രദേശങ്ങൾ മുതലായ സ്ഥലങ്ങളിൽ പോലീസിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സഹകരണത്തോടെ രാത്രികാലങ്ങളിൽ ഉൾപ്പെടെ തിരച്ചിൽ നടത്തേണ്ടതാണ്. ഇതിനായി തദ്ദേശവാസികളായ സന്നദ്ധപ്രവർത്തകരുടേയും ജില്ലാതല ചൈൽഡ് ലൈൻ പ്രവർത്തകരുടേയും സേവനവും സഹകരണവും ഉപയോഗപ്പെടുത്താവുന്നതാണ്.

3. രണ്ടാം ഖണ്ഡികയിൽ പറയുന്ന പ്രകാരമുള്ള തിരച്ചിൽ ഒക്ടോബർ 5, 12, 19, 26 എന്നീ തീയതികളിൽ നടത്തേണ്ടതാണ്

4. പദ്ധതി സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പത്രമാധ്യമങ്ങളിൽ കൂടി വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്. അതിന്റെ ഭാഗമായി ''ഓപ്പറേഷൻ വാത്സല്യ'' സംബന്ധിച്ചുള്ള വാർത്താക്കുറിപ്പുകൾ പ്രാദേശിക ദിനപത്രങ്ങളിലും, പരസ്യങ്ങൾ എഫ്.എം റേഡിയോ, ടി.വി ചാനലുകൾ എന്നിവയിലൂടെയും കൊടുക്കേണ്ടതാണ്, കൂടാതെ റയിൽവേ സ്റ്റേഷനുകൾ, ബസ്സ് സ്റ്റാന്റുകൾ, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ അറിയിപ്പു ബോർഡുകൾ സ്ഥാപിച്ച് വിപുലമായ പ്രചാരണ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ആയതിന്റെ ചെലവ് DCPU കൾക്ക് Advocasy and Awareness എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും വഹിയ്ക്കേണ്ടതാണ്.

ഇത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 28.09.2015 ന് വൈകുന്നേരം 04.00 മണിയ്ക്ക് ഒരു വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ചിട്ടുണ്ട്.ഇതിൽ എല്ലാ ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരും ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരും പങ്കെടുക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ DCPO മാർക്കും

പകർപ്പ്,

1. എല്ലാ DSJO മാർക്കും
2. ICPS – 4.
3. Stock File.